**File No.: GE-DA2/57/2023-G.EDN**

"ഭരണഭാഷ-

മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതു വിദ്യാഭ്യാസ വകുപ്പ് -ശ്രീ നാസ്സിമുദ്ദീൻ വൈ, എച്ച്.എസ്.എ(സോഷ്യൽ സയൻസ്), ഗവ.ഹൈസ്കൂൾ, വലിയകാവ്, കരവൂർ, കൊല്ലം-അച്ചടക്കനടപടിയുടെ ഭാഗമായുള്ള ഔപചാരിക അന്വേഷണം നടത്തുന്നതിന് പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ ചീഫ് പ്ളാനിംഗ് ഓഫീസറെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

---

**പൊതുവിദ്യാഭ്യാസ(ഡി.എ) വകുപ്പ്**

സ.ഉ.(സാധാ) നം.3581/2025/GEDN തീയതി,തിരുവനന്തപുരം, 31-05-2025

---

പരാമർശം:-

1. വിജിലൻസ് ആൻറ് ആൻറി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 29/11/2022 ലെ ഇ3(SC 114/2022/കൊല്ലം) /24363/2022 നമ്പർ കത്ത്
2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 27/09/2022 ലെ എ1/12821/2022/ഡി.ജി.ഇ നം ഉത്തരവ്
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 22/03/2024 ലെ എ1/12821/2022/ഡി.ജി.ഇ നം ഉത്തരവ്
4. 30/04/2024 ലെ GE-DA2/57/2023-G.EDN നം കുറ്റപത്രവും കുറ്റാരോപണ പത്രികയും
5. ശ്രീ നാസിമുദ്ദീൻ വൈ സമർപ്പിച്ച 13/09/2024 ലെ പ്രതിവാദപത്രിക
6. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 16/12/2024 ലെ വിഎ3/10264/2024/ഡിജിഇ നം കത്ത്

**ഉത്തരവ്**

കൊല്ലം ജില്ലയിൽ കറവൂർ വലിയകാവ് ഗവ ഹൈസ്കൂൾ സോഷ്യൽ സയൻസ് അധ്യാപകനായ ശ്രീ നാസ്സിമുദ്ദീൻ വൈ രാജ്യത്തിനകത്ത് മെച്ചപ്പെട്ട ജോലി ചെയ്യുന്നതിനായി **KSR Part I, Appendix XII A** പ്രകാരം നിയമാനുസൃതമായി അവധി അപേക്ഷ സമർപ്പിച്ച് അനുവാദം ലഭ്യമാകുന്നതിന് മുമ്പ് ഹൈസ്കൂൾ ഹെഡ്മാസ്റ്ററിൽ നിന്നും സ്വകാര്യ ആവശ്യത്തിനായി **02/06/2022** മുതൽ **29/9/2022** വരെ **120** ദിവസത്തെ ശമ്പളരഹിത അവധി അനുവദിച്ച് വാങ്ങിയ ശേഷം **1960**-ലെ കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റചട്ടങ്ങൾ, ചട്ടം **48** ന് വിരുദ്ധമായി പുനലൂർ ഇൻസ്പയർ അക്കാദമി എന്ന പി.എസ്.സി കോച്ചിംഗ് സെന്ററിൽ വിദ്യാർത്ഥികൾക്ക് ക്ലാസ് എടുക്കുന്നതായി വിജിലൻസ് & ആന്റി കറപ്ഷൻ യൂണിറ്റ് **29/09/2022** ന് നടത്തിയ മിന്നൽ പരിശോധനയിൽ കണ്ടെത്തിയതായി പരാമർശം (1) പ്രകാരം അറിയിച്ചിരുന്നു.

2. ടിയാന് സ്കൂൾ പ്രധാനാധ്യാപിക സ്വകാര്യ ആവശ്യത്തിനായി **02/06/2022** മുതൽ **29/09/2022** വരെ **120** ദിവസത്തെ ശമ്പളരഹിത അവധി അനുവദിച്ചു നല്കിയിരുന്നു. ആയതിന് തുടർച്ചയായി പരാമർശം (2) പ്രകാരം ടിയാന് **30/09/2022** മുതൽ **29/09/2024** വരെ രണ്ട് വർഷക്കാലത്തേക്ക് കെ. എസ്.ആർ പാർട്ട് **1** അനുബന്ധം **XII** എ പ്രകാരം രാജ്യത്തിനകത്ത് മെച്ചപ്പെട്ട ജോലി ചെയ്യുന്നതിനായി ശൂന്യവേതനാവധി അനുവദിച്ച് നല്കിയിരുന്നു.

3. **14/06/1994** ലെ സർക്കുലർ നം **36/94**/ധന യിലെ ഖണ്ഡിക **ii (a)** പ്രകാരം സ്വകാര്യം, വ്യക്തിപരം തുടങ്ങിയ അവ്യക്തമായ ആവശ്യങ്ങൾക്ക് ദീർഘനാൾ ശൂന്യവേതന അവധി അനുവദിക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ അവധി കാരണം ന്യായീകരിക്കുന്ന രേഖകൾ പരിശോധിച്ച് ആയതിന്റെ ആധികാരിത പരിശോധിച്ച് ബോധ്യപ്പെട്ട ശേഷമാണ് അവധി അനുവദിയ്ക്കേണ്ടിയിരുന്നത്. കൂടാതെ, ഇത് പരിഗണിക്കാതെയാണ് ടി അവധിയ്ക്ക് തുടർച്ചയായി ചട്ടപ്രകാരം അനുവദനീയമല്ലാതിരുന്നിട്ട് കൂടി **30.09.2022** മുതൽ **29.09.2024** വരെ **KSR, Part I, Appendix XII A** പ്രകാരം ശൂന്യവേതനാവധി അനുവദിച്ചത്. ആയതിനാൽ ടിയാന് ശൂന്യവേതനാവധി അനുവദിച്ച ഉത്തരവുകൾ റദ്ദ്

ചെയ്ത് പരാമർശം (3) പ്രകാരം ഉത്തരവായിട്ടുണ്ട്.

4. വിജിലൻസ് കണ്ടെത്തലിനെത്തുടർന്ന് ഈ വിഷയം സർക്കാർ പരിശോധിക്കുകയും ടിയാന്റെ മേൽ പ്രവർത്തി ഗുരുതര അച്ചടക്കലംഘനവും സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങളിലെ ചട്ടം 48-ന്റെ ലംഘനവുമായതിനാൽ ടിയാനെതിരെ 1960-ലെ KCS CCA ചട്ടം 15 പ്രകാരം അച്ചടക്കനടപടി ആരംഭിക്കുന്നതിന്റെ ഭാഗമായി ടിയാന് പരാമർശം( 4) പ്രകാരം കുറ്റപത്രം നല്കിയിരുന്നു. ആയതിന് പരാമർശം (5) പ്രകാരം ടിയാൻ സമർപ്പിച്ച പ്രതിവാദപത്രികയിൽ ടിയാൻ ആരോപണങ്ങളെല്ലാം പൂർണ്ണമായും നിഷേധിച്ചിരുന്നു.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ടിയാന് പരാമർശം (4) പ്രകാരം നല്കിയ കുറ്റപത്രത്തിന് പരാമർശം(5) പ്രകാരം സമർപ്പിച്ച പ്രതിവാദപത്രികയിലെ വാദങ്ങൾ തൃപ്തികരമല്ലാത്തതിനാൽ ടിയാനെതിരെ KCS CCA ചട്ടം 15 പ്രകാരം സ്വീകരിച്ചു വരുന്ന അച്ചടക്ക നടപടി തുടരുവാനും ആയതിന്റെ ഭാഗമായ ഔപചാരിക അന്വേഷണം നടത്തുന്നതിന് പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ ചീഫ് പ്ളാനിംഗ് ഓഫീസറെ ചുമതലപ്പെടുത്തിയും ഇതിനാൽ ഉത്തരവാകുന്നു. അന്വേഷണ ഉദ്യോഗസ്ഥൻ ഒരു മാസത്തിനകം അന്വേഷണ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഹേമലത സി കെ

ഡെപ്യൂട്ടി സെക്രട്ടറി

1. പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
2. ചീഫ് പ്ളാനിംഗ് ഓഫീസർ,പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റ് (പരാമർശം 4,5 സഹിതം)
3. ശ്രീ നാസിമുദ്ദീൻ വൈ, എച്ച്.എസ്.എ (സോഷ്യൽ സയൻസ്),പൊതു വിദ്യാഭ്യാസ ഡയറക്ടർ മുഖേന)
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, കേരള, തിരുവനന്തപുരം
5. അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ&ഇ), കേരള, തിരുവനന്തപുരം

**6.** വെബ്(ന്യൂ മീഡിയ/കൈറ്റ്സ്)

**7.** സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Dhanya M B
Date: 31-05-2025 13:57:47
സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

പൊതു വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ-യ്ക്ക്